# CLASS NOTES-ANSWERS

## അർത്ഥം എഴുതുക:

കോകിലം - കുയിൽ

കോലക്കുഴൽ - ഓടക്കുഴൽ

ചേണുറ്റ - ഭംഗിയുള്ള

വേണു - ഓടക്കുഴൽ

വേലപ്പെടാതെ - ബദ്ധപ്പാടുകൂടാതെ

ചാലെ - നന്നായി

കേകി - മയിൽ

നീടുറ്റ - വലിയ

വീചിക - തിരി

മൂകങ്ങളായി - നിശബ്ദമായി

കണ്ഠം - കഴുത്ത്

ആടിതുടങ്ങി - നൃത്തം തുടങ്ങി

THE GARDEN SCHOOL
Anakkal P.O., Kanjirappally 686 508

## പകരം പദം എഴുതുക:

കുയിൽ - കോകിലം

ഓടക്കുഴൽ - വേണു

മയിൽ - കേകി

കൂട്ടം - സമൂഹം

നിശബ്ദം - മൂകം

തിര - വീചി

**ഉത്തരമെഴുതുക:**

(1) കോലക്കുഴൽ കേട്ട കോകില ജാലങ്ങൾ എന്ത് ചെയ്തു?

ഉത്തരം: കോലക്കുഴൽ നാദം കേട്ട കോകില ജാലങ്ങൾ അവയുടെ പാട്ട് നിർത്തി. തങ്ങളുടെ നാദത്തേക്കാൾ മനോഹരമായ ഓടക്കുഴൽ നാദം കേട്ട കുയിലുകൾ മൂകങ്ങളായി നിന്നുപോയി.

(2) ശ്രീകൃഷ്ണന്റെ ഓടക്കുഴൽ നാദം കേട്ട കേകികൾ എന്താണ് ചെയ്തത്?

ഉത്തരം: ശ്രീകൃഷ്ണന്റെ ഓടക്കുഴൽ നാദം കേട്ട് കേകികൾ അവയുടെ മനോഹരമായ നീലപീലികൾ വിടർത്തി പാട്ടിന്റെ താളത്തിനനുസരിച്ച് നൃത്തം ചെയ്തു തുടങ്ങി.

(3) കണ്ണന്റെ കുഴൽവിളി കേട്ട മരങ്ങളുടെ പ്രതികരണം എന്തായിരുന്നു?

ഉത്തരം: കണ്ണന്റെ മനോഹരമായ ഓടക്കുഴൽ വിളി കേട്ട മരങ്ങൾ തേൻ നിറഞ്ഞ പൂക്കൾ കൊഴിച്ചുകൊണ്ട് കൊമ്പുകൾ താഴ്ത്തി നിന്നു.

(4) ശ്രീകൃഷ്ണന്റെ വേണുനാദം കേട്ട് കാളിന്ദി നദിയ്ക്ക് ഉണ്ടായ മാറ്റം എന്താണ്?

ഉത്തരം: ശ്രീകൃഷ്ണന്റെ വേണുനാദം കേട്ടപ്പോൾ തിടുക്കത്തിൽ ഒഴുകിക്കൊണ്ടിരുന്ന കാളിന്ദി നദി അതിലെ ഓളങ്ങളെയെല്ലാം അടക്കി കൊണ്ട് നിശ്ചലമായി നിന്നു.

THE GARDEN SCHOOL Anakkal P.O., Kanjirappally 686508